ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം

26 (*116) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല എന്നാൽ ആധാരങ്ങൾ തയ്യാറാക്കി ഡാറ്റ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം തിരുവനന്തപുരം ജില്ലയിലെ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടുതൽ ഓഫീസുകളിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുക വഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ് കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തന രീതിക്ക് പകരം 311 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖലവഴി തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യഘടകമായ കണക്ടിവിറ്റി സൗകര്യം ബി.എസ്.എൽ.എൽ.-ൽ നിന്ന് ലഭ്യമാക്കി കേരള സ്റ്റേറ്റ് വൈഡ് ഏരിയ ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പപ്പോൾത്തന്നെ തിരുവനന്തപുരത്തെ കേന്ദ്ര കമ്പ്യൂട്ടറിൽ (സെർവർ) ലഭ്യമാകും. അതുവഴി സർക്കാരിന് രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭ്യമാകുന്നു. ബാങ്കുകൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുമുള്ള സൗകര്യം ഇതുമൂലം ലഭിക്കും.

(സി) രജിസ്ട്രേഷനുവേണ്ടി ആഫീസിൽ ഹാജരാകേണ്ട സമയം കക്ഷികൾക്കു തന്നെ നിശ്ചയിക്കുന്നതിനുള്ള സൗകര്യമാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത്. മേൽ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് സമയലാഭം ഉണ്ടാകുന്നതാണ്. ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വ്യക്തമായ കാരണങ്ങളില്ലാതെ നീട്ടിവയ്ക്കുന്നു എന്ന പരാതി ഇതിലൂടെ പരിഹരിക്കാൻ സാധിക്കും. കൂടാതെ വിദേശത്തുള്ള കക്ഷികൾക്ക് ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അവരുടെ ഫോട്ടോ, വിരൽപതിപ്പ് എന്നിവ ഓൺലൈനായി സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുവാനും സാധിക്കും.

(ഡി) രജിസ്ട്രേഷൻ, ട്രഷറി വകുപ്പുകൾക്ക് പുറമെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങളും ആധാരമെഴുത്ത് സ്ഥാപനങ്ങൾ, ആധാരമെഴുത്ത് ലൈസൻസികൾ എന്നിവരും ഈ പദ്ധതിയുമായി സഹകരിക്കുന്നു.

(ഇ) 1. തിരുവനന്തപുരം ജില്ലയിലെ 6 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടക്കം കുറിച്ച ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

2. ആദ്യഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ, ആധാരങ്ങൾക്കുള്ള ഓൺലൈൻ ഡാറ്റാ സമർപ്പിക്കൽ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാവിവരങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നു.

3. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു

4. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതൽ 1990 വരെയുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

5. ട്രഷറി വകുപ്പുമായി സഹകരിച്ചുകൊണ്ട് ഇ-പേമെന്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly